# ചെറുപുഴ തേജസ്വിനിയുടെ നീര വിപണിയിലേക്ക്

കൊച്ചി: നാളികേര വികസന ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്ത കേരളത്തിലെ നാളികേര കർഷകരുടെ ആദ്യ ഉത്പാദക കമ്പനിയായ കണ്ണൂർ ചെറുപുഴ തേജസ്വിനി ഈ മാസം നീരയും നീരയിൽ നിന്നുള്ള ശർക്കരയും വിപണിയിലിറക്കും. നിലവിൽ എട്ട് നീര ടെക്നീഷ്യൻമാർ കമ്പനിക്ക് സ്വന്തമായി ഉണ്ട്. ഇവരെ കൂടാതെ 10 പേരെ ഉടൻ നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ കളമശ്ശേരി എസ്.സി.എം.എസ്സിൽ നടത്തുന്ന രണ്ടാഴ്ചത്തെ പരിശീലനത്തിന് അയയ്ക്കുമെന്ന് കമ്പനി ചെയർമാൻ സണ്ണി ജോസഫ് പറഞ്ഞു. നീര ലിറ്ററിന് 100 രൂപയും ശർക്കര കിലോഗ്രാമിന് 500 രൂപയുമാണ് ഏകദേശ വില നിശ്ചയിച്ചിരിക്കുന്നത്.